# വണ്ടാഴി ഗ്രാമപഞ്ചായത്ത്




വണ്ടാഴി പഞ്ചായത്തിന്റെ വിസ്തൃതി 56.70 ചി.കി.മീ. ആണ്. വണ്ടാഴി ഗ്രാമപഞ്ചായത്ത് ക്ഷേത്രങ്ങൾ, പള്ളികൾ, മസ്ജിദുകൾ എന്നിവ ചേർന്നു നിൽക്കുന്ന മതസൗഹാർദ്ദത്തിന്റെയും ഉദാഹരണമാണ്. വിദ്യാഭ്യാസത്തിലും ആരോഗ്യരംഗത്തും സമൂഹജീവിതത്തെ ഉയർത്തിപ്പിടിക്കുന്ന മേന്മ കാർഷികോൽപന്നങ്ങളുടെയും വിപണനത്തിന്റെയും വിനോദസഞ്ചാരത്തിന്റെയും മുഖകേന്ദ്രം എന്നിവയിലൂടെയെല്ലാം വണ്ടാഴി പഞ്ചായത്ത് ഇന്നും ഭാവിയെ രൂപപ്പെടുത്തുന്ന കരുത്തായി മാറികൊണ്ടിരിക്കുന്നു.

| | | |
|---|---|---|
| ജില്ല | : | പാലക്കാട് |
| ബ്ലോക്ക് | : | നെന്മാറ |
| താലൂക്ക് | : | ആലത്തൂർ |
| ജനസംഖ്യ | : | 36253 |
| വാർഡ് | : | 19 എണ്ണം (20 വാർഡായി പുനക്രമീകരിച്ചു) |
| പ്രധാന നദീതടങ്ങൾ | : | വടക്കേപുഴ, വളയൽപുഴ |

അതിരുകൾ പങ്കിടുന്ന ഗ്രാമപഞ്ചായത്തുകൾ : കിഴക്കഞ്ചേരി, വടക്കഞ്ചേരി, അയിലൂർ



# എൽ.എസ്.ജി.ഡി. വിഭാഗം


ശ്രീ. ഹരിദാസ് ആർ
(അസിസ്റ്റന്റ് എഞ്ചിനീയർ)


ശ്രീ. സുജിത്ത് വി. എസ്.
(ഓവർസിയർ)


ശ്രീമതി ഷംന എ.
(ഓവർസിയർ)

# എം.ജി.എൻ.ആർ.ജി.എസ്.


ശ്രീമതി. സിന്ധുമോൾ ടി. എൻ.
(ഓവർസിയർ)


ശ്രീജിത്ത് വി. എസ്.
(ഓവർസിയർ)


ശ്രീമതി ഷബീന
(അക്കൗണ്ടന്റ്)


ശ്രീമതി. ജീനജോസ്
(അക്കൗണ്ടന്റ്)

# കുടുംബശ്രീ


ശ്രീമതി കനകലത
(ചെയർപേഴ്സൺ)


ശ്രീ. മുഹമ്മദ് മുനീർ എ.
(അക്കൗണ്ടന്റ്)

# നന്ദി

വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ അഞ്ചുവർഷത്തെ ഭരണകാലാവധി വിജയകരമായി പൂർത്തിയാക്കുന്ന ഈ വേളയിൽ ഞങ്ങളുടെ ഹൃദയപൂർവ്വമായ പുരോഗതിക്കായി നന്ദി രേഖപ്പെടുന്നു. ഗ്രാമത്തിന്റെ കൈകോർത്ത എല്ലാ ജനങ്ങളുടെയും സഹകരണമാണ് ഭരണ സമിതിയ്ക്ക് കരുത്തും പ്രചോദനവും നൽകിയത്. ജനങ്ങളുടെ വിശ്വസവും പിന്തുണയും സഹകരണവും എല്ലാ വിഭാഗ ജനങ്ങളുടെയും മനസ്സ്തൊട്ടറിഞ്ഞ് പ്രവർത്തിക്കുകയും ചെയ്യുവാൻ കഴിഞ്ഞു.

വെറും വികസന പദ്ധതികളിൽ ജനങ്ങൾ പങ്കെടുത്തത് അനുഭവമായി മാത്രമല്ല, തങ്ങളുടെ സമയം പരിശ്രമം, ആശയങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ നൽകി ഭരണത്തെ ജനാധിപത്യത്തിന്റെ യഥാർത്ഥ മാതൃകയാക്കി മാറ്റി. ഗ്രാമസഭകളിൽ പങ്കുചേർന്നത് മുതൽ പദ്ധതികളുടെ നടപ്പാക്കലിൽ കൈത്താങ്ങായത് ജനങ്ങളുടെ സജീവ പങ്കാളിത്തമാണ് എല്ലാ നേട്ടങ്ങളുടെയും അടിസ്ഥാനം ഞങ്ങളോടൊപ്പം പ്രവർത്തിച്ച ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും, സാമൂഹികസാംസാകാരിക സംഘടനകൾക്കും, എല്ലാ ഗ്രാമവാസികൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ഭാവിയിലും ഗ്രാമത്തിന്റെ വികസനത്തിനായി ഒരുമിച്ച് പ്രവർത്തിക്കാനാകുമെന്ന് ആത്മവിശ്വസത്തോടെ, എന്റെയും ഗ്രാമപഞ്ചായത്തിന്റെയും, പേരിൽ നന്ദിയും വണ്ടാഴി കടപ്പാടും രേഖപ്പെടുത്തുന്നു.

എന്ന്, വണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

**കെ. എൽ. രമേഷ്**


## കേരള പഞ്ചായത്ത് വാർത്താ ചാനൽ

നേരറിവിന്റെ, വർത്തമാനകാലത്തിന്റെ ശബ്ദം..

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും, സാമൂഹിക സാംസ്കാരിക നേട്ടങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്ന ഒരു മീഡിയയാണ് കേരള പഞ്ചായത്ത് വാർത്താ ചാനൽ.

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ നേട്ടങ്ങളും പദ്ധതികളും,ജനങ്ങളുടെ സഹകരണവും പങ്കാളിത്തവും ഉൾക്കൊള്ളിച്ചുകൊണ്ട്, ഗ്രാമ വികസനത്തിന്റെ യഥാർത്ഥ ചിത്രങ്ങൾ വികസന രേഖയിലൂടെയും, കേരള പഞ്ചായത്ത് വാർത്തകൾ ചാനലിലൂടെയും സമർപ്പിക്കുന്നു.

### കേരള പഞ്ചായത്ത് വാർത്താ ചാനൽ
### തദ്ദേശക കണ്ണാടി

'തദ്ദേശക കണ്ണാടി' കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പൂർണ്ണമായ ഡാറ്റകൾ ഉൾപ്പെടുന്ന സമഗ്ര ഡിജിറ്റൽ ഡയറക്ടറിയാണ്. ജനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള സമ്പൂർണ്ണമായ വിവരം ലഭ്യമാക്കാൻ കേരള പഞ്ചായത്ത് വാർത്ത ചാനൽ തദ്ദേശക കണ്ണാടി QR കോഡ് സന്ദർശിച്ചാൽ മതിയാകും.

കേരള പഞ്ചായത്ത് വാർത്താ ചാനലിനെ കുറിച്ച് അറിയുവാനും, പ്രോഗ്രാമുകൾ കാണുവാനും സന്ദർശിക്കുക

YouTube
Kerala Panchayath Varthakal

Email : keralapanchayathnews@gmail.com
Website : https://thaddesakakannadi.com
7559890415, 9037410981
8139829209


# വണ്ടാഴി
## ഗ്രാമപഞ്ചായത്ത്



## ➤ സായംപ്രഭ

ആകെ തുക : 2,84,000

വയോജന പരിപാലനത്തിനുള്ള സംസ്ഥാനത്തെ ഏറ്റവും മികച്ച സായംപ്രഭ ഹോമിനുള്ള ഈ വർഷത്തെ വയോസേവന അവാർഡ് വണ്ടാഴി പഞ്ചായത്തിന് ലഭിച്ചു. വയോജനങ്ങളെ പരിപാലിക്കാൻ സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികൾക്കപ്പുറം പഞ്ചായത്തിന്റെ തനതായ പദ്ധതി പ്രവർത്തനങ്ങളാണ് അവാർഡ് ലഭിക്കാൻ സഹായകമായത്.

പ്രവർത്തനങ്ങൾ ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ, യോഗ, മെഡിക്കൽ ക്യാമ്പുകൾ, വിനോദയാത്രകൾ.




## ➤ ഭിന്നശേഷി

വണ്ടാഴി ഗ്രാമപഞ്ചായത്ത് ഭിന്നശേഷി വിഭാഗത്തിന്റെ ക്ഷേമത്തിനും സാമൂഹിക സംവരണത്തിനും നിരവധി പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഭിന്നശേഷി കലോത്സവത്തിലൂടെ ഈ വിഭാഗത്തിലെ അംഗങ്ങൾ അവരുടെ കഴിവുകൾ പ്രദർശിപ്പിച്ച് സാമൂഹിക തിരിച്ചറിവ് നേടിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായുള്ള ഉപകരണങ്ങൾ പദ്ധതി ഉൾപ്പെടുത്തി വാങ്ങിച്ചു നൽകിയിട്ടുണ്ട്.




## ➤ എസ്.സി/ എസ്.ടി. വിഭാഗം

* എസ്.സി. കോളനികൾ : 26
* എസ്.ടി. കോളനികൾ : 5
* ഗ്രാമപഞ്ചായത്തിലെ 80 എസ്.സി/ എസ്.ടി. വിദ്യാർത്ഥികൾക്ക് മേശ കസേര വിതരണം ചെയ്തു. ഗ്രാമപഞ്ചായത്തിലെ 80 ബിരുദ ബിരുദാനന്തര എസ്.സി/ എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. എല്ലാവർഷവും നിർധനരായ എസ്.സി. പെൺകുട്ടികളുടെ വിവാഹത്തിന് 1,25,000/ രൂപ വീതം നൽകി വരുന്നു. വാദ്യോപകരണമേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ച 80 പട്ടികജാതി കുടുംബാംഗങ്ങൾക്ക് ചെണ്ട ഉൾപ്പെടെയുള്ള ഉപകരണം നൽകി. കുട്ടികളുടെ കലാ-കായിക ശേഷി വർദ്ധിപ്പിക്കുന്നതിന് എല്ലാവർഷവും ബാലസഭ നടത്തിവരുന്നു. ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 95 വിധവജനങ്ങൾക്ക് കട്ടിൽ നൽകി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് പ്രാവിണ്യം വർദ്ധിപ്പിക്കുന്നതിന് Communi Core എന്ന പദ്ധതി സ്വീകരിച്ച് വരുന്നു.



## ➤ ഫിഷറീസ് :

വണ്ടാഴി ഗ്രാമപഞ്ചായത്തിലെ മംഗലംഡാമിൽ കേരള സർക്കാർ ഫിഷറീസ് വകുപ്പിന്റെ കീഴിൽ സംയുക്തമായി നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി 14 പൊതുകുളങ്ങളിലേയ്ക്കുള്ള 46950 മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്തു.










➤ **ടൂറിസം**




ലോകം മുഴുവൻ ടൂറിസത്തിലൂടെ വളർച്ച കൈവരിച്ച് കൊണ്ടിരിക്കുകയാണ്. കേരളവും ഈ മേഖലയെ വളരെയേറെ പ്രോത്സാഹിപ്പിക്കുന്നു. മംഗലംഡാം, കടപ്പാറ, തളികകല്ല് എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി ടൂറിസം സാധ്യതകൾ കണ്ടെത്തി പദ്ധതിയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു.

➤ **കലാകായികം**

വണ്ടാഴി ഗ്രാമപഞ്ചായത്ത് കലാകായിക മേഖലയിൽ സജീവമായ ഇടപെടലുകൾ നടത്തി വരുന്നു. പഞ്ചായത്തിലെ യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും കഴിവുകൾ പ്രകടിപ്പിക്കാനും, വളർത്താനും വിവിധ കലോത്സവങ്ങൾ കായിക മത്സരങ്ങൾ തുടങ്ങിയവ നടത്തിവരുന്നുണ്ട്. കായിക രംഗത്ത് ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, അതലറ്റിക്സ് തുടങ്ങിയ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് പുതിയ തലമുറയെ ആരോഗ്യമുള്ള സാമൂഹിക വളർച്ചയിലേക്ക് കൊണ്ടുവരുവാൻ വഴിതെളിയിക്കുകയാണ് പഞ്ചായത്ത്.













➤ **വയോജനം :**



➤ **സാന്ത്വനം**

പാലക്കാട് ജില്ലാമിഷനും ഹെൽത്ത് ആക്ഷൻ ബൈ പീപ്പിൾ എന്ന സംഘടനയും ഒത്തുചേർന്ന് കുടുംബശ്രീയുടെ സാന്ത്വനം വളണ്ടിയർ എന്ന സംരംഭം പ്രവർത്തിച്ച് വരുന്നു . ജീവിത ശൈലി രോഗങ്ങൾ നിർണ്ണയിക്കുന്ന സ്ക്രീനിംഗ് ടെസ്റ്റ് ആണ് നടത്തിവരുന്നത്.



➤ **പകൽവീട്**



ആകെ തുക : 3,34,000

വണ്ടാഴി പഞ്ചായത്തിലെ ഒറ്റപ്പെടുന്ന വാർദ്ധക്യത്തിന് താങ്ങാവാൻ കഴിയുക എന്നതിനേക്കാൾ മഹത്തായ പ്രതീകമാണ്.


മാത്തൂർ

* **അംഗണവാടി**





* എണ്ണം 32

➤ **ലൈഫ് മിഷൻ**









* ലൈഫ് പി.എം.എ.വൈ. പദ്ധതികളിലായി : 405 വീടുകൾ
* വീട് വാസയോഗ്യമാക്കൽ : 205 എണ്ണം
* ശുചിത്വം മാലിന്യ സംസ്ക്കരണം : 200 എണ്ണം
* അതിദാരിദ്രനിർമ്മാജ്ജ പദ്ധതിയിൽ വീട് : 13എണ്ണം
* ആകെ തുക : 1 കോടി മുകളിൽ ചിലവഴിച്ചിട്ടുണ്ട്.

➤ **അതിദാരിദ്ര്യം** : വണ്ടാഴി ഗ്രാമപഞ്ചായത്തിലെ അതിദാരിദ്ര ഗുണഭോക്താക്കൾക്ക് 25,000/- രൂപയ്ക്കുള്ള ഭക്ഷ്യകിറ്റ് നൽകിവരുന്നു. എല്ലാമാസവും ടി.ബി. രോഗികൾക്ക് പോഷക ഹാര കിറ്റ് നൽകി വരുന്നു. കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്ന ജനകീയ ഹോട്ടലിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാമാസവും നൽകിവരുന്നു.












➤ **ബോട്ടിൽ ബൂത്ത്**












വണ്ടാഴി കുന്നുപറമ്പ് അങ്കണവാടി നിർമ്മാണോദ്ഘാടനം ബഹു. MP. K. രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു.



കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവെച്ച പഞ്ചായത്ത് പ്രസിഡന്റിന് കേരള പഞ്ചായത്ത് വാർത്താ ചാനൽ നൽകിയ സ്മൃതിരേഖ പുരസ്ക്കാരം സ്റ്റേറ്റ് ലെവൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അവാർഡ് വണ്ടാഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ എൻ രമേശിന് ബിഗ് ബോസ് ഫെയിം ജിഷിൻ മോഹൻ നൽകുന്നു



* **ഹരിതകർമ്മസേന**

സർക്കാർ മാലിന്യമുക്ത കേരളം എന്ന പ്രോജക്റ്റിലൂടെ വണ്ടാഴിപഞ്ചായത്ത് അത് ഏറ്റെടുത്ത് ഹരിതകർമ്മസേനയെ നിയോഗിച്ച് ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി അജൈവമാലിന്യം സംസ്ക്കരണത്തിന് വാർഡുകളിലായി ബിന്നു കളും ബോട്ടിൽബൂത്ത്, മിനി എം. സി. എഫുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

68 ലക്ഷം രൂപ ചെലവഴിച്ച് ജൈവമാലിന്യ പ്ലാന്റ് നിർമ്മിച്ചിട്ടുണ്ട്







- **ശ്മശാനം :** 1 കോടി രൂപ ചെലവിൽ ത്രിതലപഞ്ചായത്തിന്റെ സഹായത്തോടുകൂടി വണ്ടാഴി ഗ്രാമപഞ്ചായത്തിലെ പാളയത്ത് വാതകശ്മശാനത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.
- **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി:** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കുടുംബാംങ്ങളുടെ എണ്ണം 5420 ആണ്. കഴിഞ്ഞ അഞ്ചു വർഷമായി സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ 383243 ആണ്. കഴിഞ്ഞ അഞ്ച് വർഷ കാലയളവിലായി 16,96,69,000/ തുക ചിലവഴിച്ചിട്ടുണ്ട്. ഈ വർഷങ്ങളിൽ 486 പേർക്ക് 100 ദിവസം തൊഴിൽ നൽകുന്നതിന് സാധിച്ചു. ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായി ആസ്തി സൃഷ്ടിക്കുന്ന 90 റോഡുകൾ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്തിന്റെ ശുചീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലും സോക്ക് പിറ്റുകൾ, കംബോസ്റ്റ് പിറ്റുകൾ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിനായി ആട്ടിൻകൂടുകൾ, കോഴിക്കൂടുകൾ, തൊഴുത്ത് തുടങ്ങിയവ നൽകിയിട്ടുണ്ട്. കാർഷിക വികസനത്തിനായി ഫാം പോണ്ടുകൾ കിണറുകൾ തുടങ്ങിയവ നിർമ്മിക്കുകയും നീർച്ചാലുകൾ, തോടുകൾ, കുളങ്ങൾ, പുഴകൾ തുടങ്ങിയവ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.
- **വിദ്യാഭ്യാസ മേഖല**



ജി.എച്ച്.എസ്. മുടപ്പല്ലൂർ



കടപ്പാറ സ്കൂൾ

- **കുടിവെള്ളം :** വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യവികസനങ്ങളിൽ കുടിവെള്ള പദ്ധതികൾക്ക് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുന്നതിനായി നിരവധി കുടിവെള്ള പദ്ധതികൾ വരൾച്ച പ്രശ്നങ്ങളെ മറികടക്കാനും മഴവെള്ള സംഭരണികൾ എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.
- **ആരോഗ്യമേഖല :**
  *** വണ്ടാഴി എഫ്.എച്ച്.സി.**
  *** സബ്സെന്റർ**
  *** പാലിയേറ്റീവ്കെയർ**
  ആരോഗ്യരംഗത്തെവികസനത്തിന് സുസ്ഥിരമായ മുൻഗണന നൽകിയാണ് വണ്ടാഴി ഗ്രാമപഞ്ചായത്ത് മുന്നോട്ട് പോകുന്നത്. എഫ്.എച്ച്.സി. 5 സബ്സെന്ററുകൾ എന്നിവയിലൂടെ ചികിത്സാ സൗകര്യങ്ങളിലൂടെ നാട്ടുകാരുടെ പ്രാഥമിക ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുന്നു.
  പാലിയേറ്റീവ് കെയർ യൂണിറ്റുകൾ വഴി ഗുരുതര രോഗികളെയും, മുതിർന്നവരെയും വീടുതോറും സന്ദർശിച്ച് ചികിത്സയും കരുതലും നൽകുകയും ചെയ്ത് വരുന്നുണ്ട്.
- **ഫ്രീസർ :** 1,59,987/ രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് മിതമായ ചെലവിൽ വാടകയ്ക്ക് നൽകിവരുന്നു.
- **ശുചിത്വം മാലിന്യ സംസ്കരണം**



ശുചിത്വം മാലിന്യ സംസ്കരണം



# മികവിന്റെ ദിശാനക്ഷത്രങ്ങൾ



ശ്രീ.കെ. എൽ. രമേഷ്
പ്രസിഡന്റ്



ശ്രീമതി പി. ശശികല
വൈസ് പ്രസിഡന്റ്



ശ്രീ. പി. ശശികുമാർ
ചെയർമാൻ,
വികസനകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീമതി. സുബിത മുരളീധരൻ
ചെയർപേഴ്സൺ,
ക്ഷേമകാര്യ
സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീ. എസ്. ഇബ്രാഹിം
ഷക്കീർ ചെയർമാൻ,
ആരോഗ്യവിദ്യാഭ്യാസ
സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീമതി വിജിത വി.



ശ്രീമതി വി. മീനാകുമാരി



ശ്രീ. സുരേഷ്



ശ്രീമതി ദിവ്യ മണികണ്ഠൻ



ശ്രീമതി.
സുജിത രാമുണ്ണി



ശ്രീമതി.
രമണി കേശവൻകുട്ടി



ശ്രീ. വാസു വി.



ശ്രീ. അഡ്വ. ഷാനവാസ്



ശ്രീമതി. മോളി പി.ജെ.



ശ്രീമതി. ബീനഷാജി



ശ്രീ. വിനോയ് കോമ്പര



ശ്രീമതി രജിത സി.



ശ്രീ. വിനു എ.

# പഞ്ചായത്ത് ജീവനക്കാർ


ശ്രീ. സജീവ് കുമാർ കെ.ജി
(സെക്രട്ടറി)


ശ്രീ. ചെന്താമരാക്ഷൻ എം.
(അസിസ്റ്റന്റ് സെക്രട്ടറി)


ശ്രീ. ഹംസ
(ജൂനിയർ സൂപ്രണ്ട്)


ശ്രീ. രാജേഷ് എൻ
(അക്കൗണ്ടന്റ്)


ശ്രീ. ജനാർദ്ദനൻ ആർ
(സീനിയർ ക്ലാർക്ക്)


ശ്രീമതി. സീമ ആർ
(സീനിയർ ക്ലാർക്ക്)


ശ്രീമതി. കല എ.
(സീനിയർ ക്ലാർക്ക്)


ശ്രീമതി ആർദ്ര ആർ.
(ജൂനിയർ ക്ലാർക്ക്)


ശ്രീ. കമൽദാസ് എസ്.
(ജൂനിയർ ക്ലാർക്ക്)


ശ്രീ. മോഹനൻ എം.
(ജൂനിയർ ക്ലാർക്ക്)


ശ്രീമതി. റഷീദ എ
(ജൂനിയർ ക്ലാർക്ക്)


ശ്രീ. ഷിജു ആർ
(ജൂനിയർ ക്ലാർക്ക്)


ശ്രീമതി ജയന്തി വി.
(ഓഫീസ് അറ്റൻഡന്റ്)


ശ്രീമതി മജിത എ.
(ഓഫീസ് അറ്റൻഡന്റ്)


ശ്രീ. സ്വാമിനാഥൻ പി
(പാർടൈം ലൈബ്രേറിയൻ)


ശ്രീ. സുരേന്ദ്രൻ കെ.
(പാർടൈം സ്വീപ്പർ)


ശ്രീ. മനുരാജ് ടി.എം.
(പാർടൈം സ്വീപ്പർ)


ശ്രീ. ഇജാസ് ഇ.
(ഡ്രൈവർ)


ശ്രീമതി. ബിനിത മോൾ
(പ്രേരക്)


ശ്രീമതി. മഞ്ജു പി.


ശ്രീമതി നിത്യ മറിയം


കുമാരി ആതിര

(ഹെൽത്ത് ഇൻസ്പെക്ടർ/ടെക്നിക്കൽ അസിസ്റ്റന്റ്/പ്രോജക്ട് അസിസ്റ്റന്റ്)



## മതസൗഹാർദ്ദത്തിന്റെ വണ്ടാഴി


മുടപ്പല്ലൂർ അഴിക്കുളങ്ങരക്ഷേത്രം


വണ്ടാഴി പുത്തൻപള്ളി


ചിറ്റടി സെന്റ് തോമസ് പള്ളി

വണ്ടാഴി ഗ്രാമപഞ്ചായത്ത് മികച്ച മതസൗഹാർദ്ദത്തിന്റെ മികച്ച ഉദാഹരണമാണ്. വിവിധ മതവിഭാഗങ്ങൾ സാഹോദര്യത്തോടെയും ഐക്യത്തോടെയും ജീവിക്കുന്ന ഗ്രാമമാണ് വണ്ടാഴി ഉത്സവങ്ങളും പെരുന്നാളുകളും മതപരമായ അതിരുകൾ കടന്ന് എല്ലാവരും ചേർന്ന് ആഘോഷിക്കുന്നതാണ് ഇവിടത്തെ പ്രത്യേകത.

പരസ്പര ബഹുമാനവും സഹകരണവും കൊണ്ട് മതങ്ങൾക്കപ്പുറം ഒരു സമഗ്ര സാമൂഹിക ഐക്യം വണ്ടാഴിയിൽ നിലനിൽക്കുന്നു.

## അടിസ്ഥാന സൗകര്യവികസനം (ആകെ തുക 2181340)


**വഴിയോരവിശ്രമകേന്ദ്രം**


**കുടിവെള്ളം**


**ഫ്രീസർ**

- **വഴിയോരവിശ്രമകേന്ദ്രം Take a Break**
- **Toilet Mangalam dam Bus Stand**
- **Feeding Room**
- **വൈദ്യുതി :** പദ്ധതികളിൽ ഉൾപ്പെടുത്തി നിരവധി ഹൈമാസ് ലൈറ്റുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിക്കാൻ സാധിച്ചു.

## കാർഷിക മേഖല








സമൃതിയുടെ പ്രതീകമാണ് വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ കാർഷിക മേഖല പരമ്പരാഗത കൃഷിരീതികളോടൊപ്പം നവീന കാർഷിക പദ്ധതികളും ചേർന്ന് ഗ്രാമത്തിന്റെ വളർച്ചയ്ക്ക് കരുത്താകുന്നു. പ്രകൃതിയോട് ചേർന്ന് ജീവിക്കുന്ന കർഷകർ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ അഭിമാനവും സമ്പത്തുമാണ്.

1468.87 ഹെക്ടർ പ്രദേശം റബ്ബർ കൃഷിയും 644.09 ഹെക്ടർ നെൽകൃഷിയും 6.79 ഹെക്ടർ വയൽപ്രദേശം തെങ്ങുകൃഷിക്കായും 299.70 ഹെക്ടർ മിശ്രിത വിളകൾ ചെയ്തുവരുന്നു.

## മൃഗസംരക്ഷണം

വണ്ടാഴി ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണമേഖലയിലും വ്യാപകമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. പശു, ആട്, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങൾ വരുമാനമാർഗ്ഗത്തിനായി നിർദ്ദനരായ കുടുംബാംഗങ്ങൾക്ക് നൽകിവരുന്നു.

## കുടുംബശ്രീ

കുടുംബശ്രീ എണ്ണം : 352, 4902 അംഗങ്ങൾ

അംഗരഹിത കേരളം പദ്ധതിയിൽ 93 ഗുണഭോക്താക്കൾക്ക് നിലവിൽ ഭക്ഷ്യധാന്യകിറ്റ് നൽകി വരുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും 2,50,000/ രൂപയിലധികം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി. തദ്ദേശീയ മേഖലയിലെ പുനരധിവാസത്തിനായി സ്പെഷ്യൽ പ്രോജക്ടിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകളിലൊന്നാണ് വണ്ടാഴി കുടുംബശ്രീ സി.ഡി.എസ്. ഐ.എസ്.ഒ., 9001-2015 അംഗീകാരം ആദ്യഘട്ടത്തിൽ നേടിയ സി.ഡി.എസ്. സ്കൂളിലൊന്നാണ് വണ്ടാഴി സി.ഡി.എസ്.







കുടുംബശ്രീ

## സാംസ്കാരിക മേഖല

സാംസ്കാരിക മേഖല പരിപോഷിപ്പിക്കുന്നതിന് വേണ്ടി നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിലും സന്നദ്ധ സംഘടനകളിലൂടെയും നടത്തിവരുന്നുണ്ട്. വിദ്യാഭ്യാസരംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന വിദ്യാർത്ഥികളെ അനുമോദിച്ച് വരുന്നുണ്ട്. കലാ-കായിക രംഗത്ത് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നിരവധി പരിപാടികൾ നടത്തി വരുന്നുണ്ട്.

## ഗ്രന്ഥശാല




1989 മുതലാണ് വണ്ടാഴി ഗ്രാമപഞ്ചായത്തിലെ വായനശാല പ്രവർത്തനമാരംഭിച്ചത്. ആയിരകണക്കിന് പുസ്തകങ്ങളും നൂറ് കണക്കിന് അംഗങ്ങളുമായാണ് ലൈബ്രറി പ്രവർത്തനമാരംഭിച്ചത്. ഈ വർഷം 70,000/ രൂപയ്ക്ക് പുതിയ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം വരെ പ്രവർത്തിച്ചുവരുന്നു.

- **വ്യവസായ വകുപ്പ്**

വണ്ടാഴി പഞ്ചായത്തിൽ വ്യവസായവകുപ്പിന്റെ സഹായത്തോടെ വിവിധ തൊഴിലവസരങ്ങൾ ഒരുക്കി കൊടുക്കുക വഴി ഗ്രാമപഞ്ചായത്തിലെ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായകമായി മാറി.

| | | |
|---|---|---|
| ആരംഭിച്ച ആകെ യൂണിറ്റുകൾ | - | 345 എണ്ണം |
| മൊത്തം നിക്ഷേപം | - | 1325.028 ലക്ഷം |
| ആകെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടത് | - | 685 എണ്ണം |

- **വണ്ടാഴി കമ്യൂണിറ്റി ഹാൾ**







വണ്ടാഴി ഗ്രാമപഞ്ചായത്ത് V S അച്ചുതാനന്ദൻ മെമ്മോറിയൽ കമ്യൂണിറ്റി ഹാളിന്റെ ഉദ്ഘാടനം ബഹു MP. K. രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു.



വണ്ടാഴി ഗ്രാമപഞ്ചായത്തിലെ തളികകല്ല് കോളനി ഉന്നതിയിൽ 37 വീട് പണി പൂർത്തീകരിച്ചു. ആ ഭാഗത്തേയ്ക്ക് പോകുവാനുള്ള കടപ്പാറ പോത്തൻതോട് പാലം പൂർത്തീകരിച്ച് ഉദ്ഘാടനം ബഹു. മന്ത്രി ശ്രീ.രാധാകൃഷ്ണൻ അവറുകൾ നിർവ്വഹിച്ചു. മാത്രവുമല്ല കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കി. കോൺക്രീറ്റ് റോഡ്, സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിച്ചു. 17-ാം വാർഡിലുള്ള കൊരക്കാലി ഉന്നതിയിൽ 68 ലക്ഷം രൂപ മുടക്കി നവീകരിച്ചു. ഉദ്ഘാടനം ബഹു.മന്ത്രി ശ്രീ. രാധാകൃഷ്ണൻ നിർവ്വഹിച്ചു.








